"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ സ്വയംഭരണ വകുപ്പ് ജീവനക്കാരുടെ 2023 വർഷത്തെ ഓൺലൈൻ പൊതു സ്ഥലംമാറ്റം - OA 1104/2023 നമ്പരായി ശ്രീ ഹരിഗോപാൽ കെ.എസ് ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത കേസ് - കോടതിവിധി നടപ്പിലാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.2067/2023/LSGD തീയതി,തിരുവനന്തപുരം, 21-10-2023**

---

പരാമർശം:-

1. സ.ഉ.(കൈ) നം. 79/2023/LSGD തീയതി, 22/03/2023.
2. പ്രിൻസിപ്പൽ ഡയറക്ടറുടെ 03/07/2023-ലെ LSGD/PD/1224/2023-DED നമ്പർ ഉത്തരവ്.
3. 04/07/2023 തീയതിയായി ശ്രീ ഹരിഗോപാൽ കെ എസ് സമർപ്പിച്ച അപ്പീൽ അപേക്ഷ (Annexure A8).
4. OA (EKM) No. 1104/2023 നമ്പർ കേസിലെ 05/07/2023-ലെ ഇടക്കാല ഉത്തരവ്.
5. OA (EKM) No. 1104/2023 നമ്പർ കേസിലെ 13/07/2023-ലെ ബഹു കോടതിയുടെ അന്തിമ ഉത്തരവ്.
6. പ്രിൻസിപ്പൽ ഡയറക്ടറുടെ 14/07/2023-ലെ LSGD/PD/46873/2023-DEC5 നമ്പർ ഉത്തരവ്.
7. പ്രിൻസിപ്പൽ ഡയറക്ടറുടെ 16/09/2023-ലെ LSGD/PD/46852/2023-DEC1 നമ്പർ കത്ത്.
8. 20.09.2023-ന് ചേർന്ന അപ്പീൽ കമ്മിറ്റി യോഗതീരുമാനം.

**ഉത്തരവ്**

തദ്ദേശ സ്വയംഭരണ വകുപ്പ് ജീവനക്കാരുടെ 2023 വർഷത്തെ പൊതു സ്ഥലംമാറ്റം ഓൺലൈനായി നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും മാനദണ്ഡങ്ങളും നിശ്ചയിച്ചുകൊണ്ട് പരാമർ ശം (1) പ്രകാരം സർക്കാർ ഉത്തരവായിരുന്നു . പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ പ്രിൻസിപ്പൽ ഡയറക്ടർ , എൽ എസ്ജിഡി 2023 വർഷത്തെ പൊതു സ്ഥലംമാറ്റ ഉത്തരവ് പരാമർശം (2) പ്രകാരം പുറപ്പെടുവിച്ചിരുന്നു. ആയതിനെതിരെ ടിയാൻ പരാമർശം (3) പ്രകാരം സർക്കാരിൽ അപ്പീൽ സമർപ്പിക്കുകയുണ്ടായി. തുടർന്ന് OA 1104/2023 നമ്പരായി ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ടിയാൻ ഫയൽ ചെയ്ത കേസിൽ ചുവടെ ചേർക്കും പ്രകാരം ബഹു.കോടതി അന്തിമ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

The Original Application is disposed of with a direction to the 1st respondent to consider the contentions raised by the applicant and the provisions contained in the transfer guidelines with

respect to the transfer of Village Extension Officers.

ഈ വിഷയത്തിൽ പരാമർശം (7) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 20/09/2023-ന് ചേർന്ന അപ്പീൽ കമ്മിറ്റി പ്രസ്തുത വിഷയം പരിശോധിക്കുകയുണ്ടായി. വൈപ്പിൻ ബ്ലോക്ക് പഞ്ചായത്തിൽ 3 വർഷവും 6 മാസവും 29 ദിവസവും സേവനമനുഷ്ഠിച്ചിട്ടുള്ള ശ്രീ ഹരിഗോപാൽ കെ എസ് അന്തിമ ക്യൂ ലിസ്റ്റിൽ 126-മത്തെ ജീവനക്കാരനായിരുന്നുവെന്നും പരാമർശം (1) ഉത്തരവ് പ്രകാരം ടിയാൻ നിർബന്ധമായും പൊതുസ്ഥലംമാറ്റത്തിന് വിധേയനാകേണ്ടതാണെന്നും ടിയാൻ ഓപ്റ്റ് ചെയ്തിരുന്ന പറവൂർ ബ്ലോക്കിൽ ഒഴിവില്ലായെന്നുമാണ് പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നത്. പരാമർശം (2) പ്രകാരം സീനിയർ ക്ലർക്ക് ശ്രീ നവാസ് കെ എച്ച്-നെ പറവൂർ ബ്ലോക്കിൽ നിന്നും പള്ളുരുത്തി ബ്ലോക്കിലേയ്ക്ക് വി ഇ ഒ ഗ്രേഡ് 1 ആയി സ്ഥലംമാറ്റിയിരുന്നു. എന്നാൽ പരാമർശം (1) ഉത്തരവിലെ പൊതുനിർദ്ദേശങ്ങളിലെ 1(സി) മാനദണ്ഡ പ്രകാരം വി ഇ ഒ ഗ്രേഡ്1 -ന്റെ ജോലി സ്വഭാവത്തിലെ പ്രത്യേകത പരിഗണിച്ച് ടി തസ്തികകളിൽ നിലവിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ സ്ഥലംമാറ്റം ടി തസ്തികകളിലേയ്ക്ക് മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. അതിൻ പ്രകാരം പള്ളുരുത്തി ബ്ലോക്കിലേയ്ക്ക് വി ഇ ഒ ഗ്രേഡ് 1 ആയി സ്ഥലംമാറ്റം നൽകിയി രുന്ന സീനിയർ ക്ലർക്ക് ശ്രീ നവാസ് കെ എച്ച്-നെ പറവൂർ ബ്ലോക്കിൽ തന്നെ നിലനിർത്തിക്കൊണ്ടും ശ്രീ ഹരിഗോപാൽ കെ എസ്-നെ കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ താൽക്കാലികമായി വൈപ്പിൻ ബ്ലോക്കിൽ നിലനിർത്തിക്കൊണ്ടും പരാമർശം (6) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. നിലവിൽ ടിയാൻ ഓപ്റ്റ് ചെയ്ത സ്റ്റേഷനിൽ ഒഴിവില്ലാത്തതിനാലും വൈപ്പിൻ ബ്ലോക്ക് പഞ്ചായത്തിൽ 3 വർഷം സേവനകാലാവധി പൂർത്തിയാക്കിയിട്ടുള്ളതിനാലും ശ്രീ. ഹരിഗോപാൽ കെ എസ്-ന്റെ അപ്പീൽ അപേക്ഷ നിരസിക്കുവാനും അപ്രകാരം കോടതി ഉത്തരവ് നടപ്പിലാക്കുവാനും പരാമർശം (8) പ്രകാരം കമ്മിറ്റി തീരുമാനിച്ചു.

അപ്പീൽ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ശ്രീ. ഹരിഗോപാൽ കെ എസ്, സീനിയർ ക്ലർക്ക്-ന്റെ അപ്പീൽ അപേക്ഷ നിരസിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു. അപ്രകാരം പരാമർശം ( 5 ) പ്രകാരമുള്ള കോടതി ഉത്തരവ് നടപ്പിലാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHEEJA.R.S.
**ജോയിന്റ് സെക്രട്ടറി**

പ്രിൻസിപ്പൽ ഡയറക്ടർ, എൽഎസ്ജിഡി, തിരുവനന്തപുരം.
ശ്രീ.ഹരിഗോപാൽ കെ എസ്, സീനിയർ ക്ലർക്ക്, വൈപ്പിൻ ബ്ലോക്ക്പഞ്ചായത്ത്.
അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം.(ആമുഖ കത്ത് സഹിതം)
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ, കേരള (ഓഡിറ്റ്), തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) ഡിപ്പാർട്ട്മെന്റ്.
(ഗവ.വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Suja M
Date: 21-10-2023 10:41:02

സെക്ഷൻ ഓഫീസർ